സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടേയും പെൻഷൻ കാരുടേയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ: **ROC 3429/24/Est-IV** നന്തൻകോട്, **25/04/2026**

---

**പരാമർശം :- ദേവസ്വം കമ്മീഷണറുടെ 30-03-2026 ലെ ROC 11401/19/Est-C നമ്പർ റിപ്പോർട്ട്.**

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കായി നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 31-03-2026 ൽ അവസാനിക്കുകയാണെന്നും 2026-27 വർഷത്തേക്ക് പദ്ധതി പുതുക്കുന്നതിനായി ബോർഡിന്റെ ഒഫിഷ്യൽ ഇൻഷ്വറൻസ് ബ്രോക്കറായ സെക്യുറസ് ഇൻഷ്വറൻസ് ബ്രോക്കർ മുഖേന ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും ഏറ്റവും കുറഞ്ഞ തുക (L1) ക്വാട്ട് ചെയ്ത നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി നെഗോസിയേഷൻ നടത്തിയതിൽ 3 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയുടെ പ്രീമിയം തുക 16,000/- രൂപയായി കുറവ് ചെയ്യാമെന്ന് സമ്മതിച്ചിട്ടുള്ളതാണെന്നും പ്രീമിയം തുക വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ജീവനക്കാരുടെ വിഹിതമായി ഈടാക്കുന്ന 500/- രൂപ എന്നത് 670/- രൂപയായി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ പരാമർശ റിപ്പോർട്ട് ലഭിച്ചു.

കൂടാതെ ബോർഡിലെ പെൻഷൻകാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ടെൻഡർ ക്ഷണിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി നെഗോസിയേഷൻ നടത്തിയതിൽ പ്രീമിയം തുക 18,300/- രൂപയായി കുറവ് ചെയ്യാമെന്ന് സമ്മതിച്ചിട്ടുള്ളതാണെന്നും ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ഇക്കാര്യത്തിൽ ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കിയതിൽ ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് പ്രീമിയം തുക 670/- രൂപയായി വർദ്ധിപ്പിക്കാവുന്നതാണെന്നും പ്രതിമാസം ലഭിക്കുന്ന

(മറുപുറം)

IT

പെൻഷന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും ക്രമം പ്രീമിയം തുക ക്രമപ്പെടുത്താവുന്നതാണെന്നും അഭിപ്രായപ്പെട്ടതായും ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പെൻഷൻകാരുടെ പ്രീമിയം ഘടന

| പെൻഷൻ തുക | പെൻഷൻകാരുടെ വിഹിതം | ബോർഡ് വിഹിതം |
|---|---|---|
| 10,000 രൂപ വരെ | 300/- | 725/- |
| 10,000/- മുതൽ 20,000/- വരെ | 800/- | 225/- |
| 20,000/- രൂപയ്ക്ക് മുകളിൽ | 1,025/- | - |

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട്, ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സ് എന്നിവയുടെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ബോർഡ് ഉത്തരവാകുന്നു.

- 2026-27 വർഷത്തേക്ക് ജീവനക്കാരുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി കരാറിലേർപ്പെടുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.
- ഈ വർഷം മുതൽ എല്ലാ ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ നിർബന്ധമാക്കുന്നതിനും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഒഴിവാക്കി ശമ്പളത്തിൽ നിന്നും പ്രീമിയം തുകയായ 670/- രൂപ ഈടാക്കുന്നതിനും തീരുമാനിക്കുന്നു.
- പെൻഷൻകാർക്കുള്ള ഇൻഷ്വറൻസ് പ്രീമിയം തുക മേൽ പട്ടിക പ്രകാരം നിശ്ചയിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK